## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1366      01.07.2015-ൽ മറുപടിക്ക്

## മിഷൻ 676-ൽ തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.വാഹീദ്<br>,, കെ.മുരളീധരൻ<br>,, പാലോട് രവി<br>,, പി.സി.ജോർജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) 28.08.2014-ന് കൂടിയ കേരള മോണോ റെയിൽ കോർപ്പറേഷൻ (KMCL) ബോർഡ് യോഗത്തിൽ, ലൈറ്റ് മെട്രോ പദ്ധതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുകയും അതിൻ പ്രകാരം അവർ, ലൈറ്റ് മെട്രോ പദ്ധതികളുള്ള വിശദമായ പദ്ധതി റിപ്പോർട്ട് 08.10.2014-ന് സമർപ്പിക്കുകയും ചെയ്തു. 24.10.2014-ന് കൂടിയ KMCL-ന്റെ 11-ാമത് ബോർഡ് യോഗം വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകരിക്കുകയും, DMRC-യെ പദ്ധതി നടത്തിപ്പിനായുള്ള ജനറൽ കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാന പ്രകാരം, ലൈറ്റ് മെട്രോ പദ്ധതിയിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കാനായി റോളിംഗ് സ്റ്റോക്ക് നിർമ്മാതാക്കളുടെ യോഗം 19.11.2014-ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (ബി) മോണോറെയിൽ പദ്ധതികൾക്കായി രൂപീകരിച്ച Special Purpose Vehicle (SPV) ആയ കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡിനാണ് ലൈറ്റ് മെട്രോ പദ്ധതികളുടെയും നിർവ്വഹണ ചുമതല. ഇതിന് |

| | |
|---|---|
| | ഭാഗമായി KMCL-നെ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTCL) എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (ഇ) മോണോറെയിൽ പദ്ധതിക്ക് നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽ വലിയ വ്യത്യാസം വരുത്താതെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.07.2014-ലെ No.K-4-57469/14 നടപടിക്രമം പ്രകാരം ഒരു ലാന്റ് അക്വിസിഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി ലഭിച്ചു കഴിഞ്ഞാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| (എഫ്) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എഫ്) ലൈറ്റ് മെട്രോ പദ്ധതി മിഷൻ 676-ൽ ഉൾക്കൊള്ളിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ